# തക്കസമയത്ത് ഉയർത്തുന്ന ദൈവം

സന്തോഷ് കരുമത്ര

'ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്ന് തക്കസമയത്ത് നിങ്ങളെ ഉയർത്തികൊള്ളും.(1പത്രോസ് 5:6).' ഈ തിരുവചനം നമ്മുടെ ജീവിതത്തിൽ അഭിഷേകമായി മാംസം ധരിക്കുവാൻ ആഗ്രഹിച്ച് തുടർന്നു വായിക്കാം.

ഇന്ന് അനേകം വ്യക്തികൾ ചോദിക്കുന്നു, എന്തുകൊണ്ടാണ് ഞങ്ങൾ പ്രാർഥിക്കുന്ന കാര്യങ്ങൾക്കു ദൈവം മറുപടി തരാത്തത്? ഞങ്ങളുടെ ആവശ്യങ്ങളിൽ എന്തുകൊണ്ടാണ് ദൈവം ഇടപെടാത്തത്? കർത്താവിന്റെ വചനം നമ്മെ പഠിപ്പിക്കുന്നു, ദൈവത്തിനു നമ്മുടെ ജീവിതങ്ങളിൽ ഇടപെടാൻ ഒരു സമയമുണ്ട്. ആ സമയങ്ങളിൽ ദൈവം നമ്മുടെ ജീവിതത്തിൽ ഇടപെടുകതന്നെ ചെയ്യും. ദൈവത്തിന്റെ ഇടപെടലുകൾ ഒരിക്കലും നേരത്തെയായിരിക്കുകയില്ല. എന്നാൽ താമസിക്കുകയുമില്ല. തക്ക സമയത്ത് ഇടപെട്ട് നമ്മുടെ ദൈവം നമ്മെ ഉയർത്തുമെന്നു വിശുദ്ധ വചനം ഉറപ്പ് തരുന്നു.

ദാനിയേലിന്റെ പുസ്തകം മൂന്നാം അദ്ധ്യായത്തിൽ ഇപ്രകാരം വായിക്കുന്നു. ബാബിലോൺ രാജ്യത്ത് നെബുക്കദ്നേസർ രാജാവ് 60 മുഴം ഉയരവും 6 മുഴം വണ്ണവുമുള്ള ഒരു സ്വർണ വിഗ്രഹം ഉണ്ടാക്കി രാജ്യത്തിനു ഒരു കൽപ്പന പുറപ്പെടുവിച്ചു. ഈ സ്വർണ വിഗ്രഹത്തെ ബാബിലോണിലെ സകല ജനങ്ങളും ആരാധിക്കണമെന്ന്. എന്നാൽ ബാബിലോൺ ദേശത്തെ അധികാരികളായി നിയമിച്ചിരുന്ന ഷദ്രാക്ക്, മെഷാക്, അബെദ്നെഗോ എന്നീ മൂന്നു ചെറുപ്പക്കാർ രാജാവിന്റെ ഈ കൽപ്പന അനുസരിക്കാൻ തയ്യാറായില്ല. ദൈവത്തോടുള്ള സ്നേഹത്താൽ ജ്വലിക്കുന്ന വരായിരുന്നു ഈ മൂന്നുപേരും. അവർ തങ്ങളെതന്നെ വിശുദ്ധിയിൽ സൂക്ഷിക്കുന്നവരായിരുന്നു. രാജാവിനു ഈ കൽപ്പന പിൻവലിക്കാനുള്ള പ്രേരണ കൊടുക്കണമെന്നു അവർ വളരെയധികം പ്രാർഥിച്ചിരുന്നു. എന്നാൽ രാജാവ് കൽപ്പന പിൻവലിച്ചില്ല. അവർ പ്രാർത്ഥിച്ച വിഷയത്തിൽ കർത്താവ് ഇടപ്പെട്ടില്ല. അവരോടു അസൂയ തോന്നിയ ചില വ്യക്തികൾ രാജാവിനോടു അവരെ കുറിച്ച് പറഞ്ഞു. നിന്റെ കൽപ്പന പാലിക്കാത്തവരെ എരിയുന്ന തീച്ചൂളയിൽ എറിയുമെന്നു നീ പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ ബാബിലോൺ പ്രവിശ്യകളിലെ അധികാരികളായ ഈ മൂന്നു ചെറുപ്പക്കാർ നിന്റെ കൽപ്പന അനുസരിക്കുന്നില്ല. ഇത് കേട്ട മാത്രയിൽ രാജാവ് ഈ മൂന്നു ചെറുപ്പക്കാരെ എരിയുന്ന തീച്ചൂളയിലേക്കു എറിയാൻ കൽപ്പിച്ചു. അവർ രാജാവിന്റെ മുമ്പിലേക്കു ആനയിക്കപ്പെട്ടു. അവർ വിശ്വാസത്തോടെ വിളിച്ചുപറഞ്ഞു. ഞങ്ങൾ സ്നേഹിക്കുന്ന ഞങ്ങളുടെ ദൈവം എരിയുന്ന തീച്ചൂളയിൽ നിന്നു ഞങ്ങളെ രക്ഷിക്കാൻ കഴിവുള്ളവനാണ്. ഞങ്ങളെ രക്ഷിച്ചില്ലെങ്കിൽത്തന്നെ ഞങ്ങൾ ഞങ്ങളുടെ ദൈവത്തിനുവേണ്ടി മരിക്കുവാൻ തയ്യാറാണ്. അത്രമാതം വിശ്വാസത്തിൽ ഉറച്ചവരായിരുന്നു അവർ. ഇന്നത്തെ യുവജനങ്ങൾ ഈ അഭിഷേകം പ്രാപിക്കാൻ കർത്താവ് ആഗ്രഹിക്കുന്നുണ്ട്.

പട്ടാളക്കാർ ഈ മൂന്നു ചെറുപ്പക്കാരെ എല്ലാ വസ്ത്രങ്ങളോടും കൂടി ബന്ധിച്ചു. ഈ സമയത്തു പോലും ദൈവം ഇവരുടെ കാര്യത്തിൽ ഇടപെടുന്നില്ല. ഈ സമയത്ത് ദൈവം തന്റെ പ്രിയപ്പെട്ട മക്കളെ രക്ഷിച്ചിരുന്നുവെങ്കിൽ ആ രാജ്യം മുഴുവൻ വെളിപ്പെടാനിരുന്ന ദൈവത്തിന്റെ മഹത്വം മനസിലാക്കുവാൻ കഴിയുമായിരുന്നില്ല. എന്നാൽ നാം ചിന്തിക്കും എന്തുകൊണ്ട് ദൈവം പ്രവർത്തിക്കുന്നില്ല. കർത്താവിനുവേണ്ടി വില കൊടുത്ത വിഷയങ്ങളിൽപോലും ദൈവം പലപ്പോഴും പ്രവർത്തിക്കുന്നതായി കാണുന്നില്ല. ഇതിനുള്ള മറുപടിയാണ് തിരുവചനത്തിലൂടെ നമുക്ക് നൽകുന്നത്. ആ ചെറുപ്പക്കാരെ ബന്ധിച്ച സമയത്ത് ദൈവം അവരെ രക്ഷിച്ചിരുന്നുവെങ്കിൽ ഏതാനും കുറച്ചുപേർ മാത്രമേ ഇവരുടെ ദൈവം വലിയവനാണെന്നു പറ

യും. എന്നാൽ ദൈവത്തിന്റെ പദ്ധതി അതായിരുന്നില്ല. തന്റെ പ്രിയപ്പെട്ടവരുടെ ജീവിതത്തിൽ തന്റെ യഥാർഥ മഹത്വം വെളിപ്പെടുത്താൻ വേണ്ടി ദൈവം കാത്തിരിക്കുകയാണ്. ഇന്നത്തെ തലമുറക്ക് ഒട്ടും ഇഷ്ടപ്പെടാത്ത ഒരു വാക്ക് വിശുദ്ധ ബൈബിളിലുണ്ട്. ആ വാക്കാണ് 'കാത്തിരിക്കുക' എന്നത്. ഇന്നത്തെ തലമുറ കാത്തിരിക്കാൻ ക്ഷമയില്ലാത്തവരാണ്. എന്നാൽ ദൈവത്തിന്റെ യഥാർഥ മഹത്വം കാണാൻ ചിലപ്പോഴെങ്കിലും നാം കാത്തിരിക്കേണ്ടി വരും. ദൈവം തന്റെ സമയത്തിൽ പ്രവർത്തിക്കുക തന്നെ ചെയ്യും.

ആളിക്കത്തുന്ന അഗ്നികുണ്ഠത്തിലേക്കു പട്ടാളക്കാർ അവരെ എറിഞ്ഞു. എന്നിട്ടും ദൈവം പ്രവർത്തിക്കുന്നില്ല. ചിലപ്പോഴെങ്കിലും നാം ചിന്തിച്ചിരിക്കും എല്ലാം അവസാനിച്ചു. ഇനി എന്തിനു ജീവിക്കണം. എന്നാൽ ദൈവം പറയുന്നു. ഒന്നും അവസാനിച്ചിട്ടില്ല. അവരെ തീച്ചൂളയിലേക്കു എറിഞ്ഞപ്പോഴും അവർ കർത്താവിനെ ആരാധിച്ചും സ്തുതിച്ചും തീച്ചൂളയിൽ നടന്നു. അവരുടെ വിശ്വാസം കണ്ട് ദൈവം സന്തോഷിച്ചു. കർത്താവിന്റെ സമയം വന്നു ചേർന്നു. ദൈവം തന്റെ ദൂതനെ തീച്ചൂളയിലേക്കു ഇറക്കിവിട്ടു. ദൂതൻ തീച്ചൂളകൾ ആട്ടിയകറ്റി. ജലകണങ്ങൾ കൊണ്ട് നിറച്ചു. അതുകൊണ്ട് അഗ്നി അവരെ സ്പർശിച്ചില്ല. കർത്താവ് തന്റെ ശക്തി വെളിപ്പെടുത്താൻ തുടങ്ങി. ഇത് കണ്ടു നിന്ന രാജാവ് ചാടിയെഴുന്നേറ്റ് പറഞ്ഞു. നമ്മൾ മൂന്നു പേരെയല്ലേ തീച്ചൂളയിലേക്കു എറിഞ്ഞത്. എന്നാൽ നാലാമതൊരുവനെ ഞാൻ കാണുന്നു. അവന്റെ മുഖം ദൈവദൂതന്റെ മുഖം പോലെ കാണപ്പെടുന്നു. രാജാവ് എഴുന്നേറ്റ് പറഞ്ഞു. ഒരു ദൈവമുണ്ടെങ്കിൽ ആ ദൈവം ഷദ്രാക്കിന്റെയും മെഷാക്കിന്റെയും അബെദ്നെഗോന്റെയും ദൈവമാണ്. രാജാവ് കൽപ്പന മാറ്റിയെഴുതി. ഇസ്രായേലിന്റെ ദൈവമാണ് യഥാർഥ ദൈവം. ആ ദൈവത്തെ മാത്രമേ എല്ലാവരും ആരാധിക്കാവൂ....

ബാബിലോൺ സാമ്രാജ്യം മുഴുവൻ നമ്മുടെ കർത്താവിന്റെ മഹത്വം കണ്ടു. ദൈവം ഈ പ്രവൃത്തി ആദ്യമേ ചെയ്തിരുന്നുവെങ്കിൽ ഈ മഹത്വം വെളിപ്പെടുമായിരുന്നില്ല. നമ്മൾ ഒരിക്കലും നിരാശരാകേണ്ട. ദൈവത്തിനു നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുവാൻ ഒരു സമയമുണ്ട്. ആ സമയത്ത് ദൈവം പ്രവർത്തിക്കും. ദൈവത്തിന്റെ ആ സമയത്തെ മാറ്റുവാൻ ഒരു ശക്തിക്കും സാധ്യമല്ല. ഈ യാഥാർഥ്യം നാം തിരിച്ചറിയണം. അനേകരുടെ ജീവിതത്തിലെ തകർച്ചകൾക്കു കാരണം അവർ കർത്താവിന്റെ സമയത്തിനു മുൻപേ തിരക്കു കൂട്ടുന്നതാണ്. അബ്രാഹത്തിന്റെ ജീവിതം ഉൽപത്തി 16ൽ കാണുന്നു. കർത്താവിന്റെ സമയത്തിനു കാത്തിരിക്കാതെ ഭാര്യ സാറയുടെ വാക്കുകേട്ട് സാറയുടെ ദാസിയായ ഹാഗാറെ അബ്രാഹം ഭാര്യയായി സ്വീകരിച്ചു. ഹാഗാറിൽ നിന്നു അബ്രാഹത്തിനു ഒരു മകൻ ജനിച്ചു. ആ മകനായിരുന്നു ഇസ്മയേൽ. ഇസ്മയേലിന്റെ ജനനത്തിനുശേഷം അതുവരെ സമാധാനത്തിലും സന്തോഷത്തിലും കഴിഞ്ഞിരുന്ന അബ്രാഹമിന്റെ ജീവിതം ദുഃഖത്തിലായി. അദ്ദേഹത്തിന്റെ കുടുംബജീവിതം ആകെ താറുമാറായി. ഇതിനു പ്രധാന കാരണം വിശുദ്ധ ബൈബിളിൽ പറയുന്നു. അബ്രാഹം ദൈവത്തിന്റെ സമയത്തിനു കാത്തു നിൽക്കാനുള്ള ക്ഷമ കാണിച്ചില്ല. അബ്രാഹം ആ അനുസരണക്കേട് കാട്ടിയതുകൊണ്ട് ഇന്ന് ഈ ഭൂമുഖത്ത് ഇസ്മായേലിന്റെ തലമുറയുണ്ടായി.

നമ്മൾ കർത്താവിന്റെ സമയത്തിനുവേണ്ടി കാത്തിരിക്കുക. നമ്മുടെ ദൈവം തക്ക സമയത്ത് നമ്മെ ഉയർത്തുന്ന ദൈവമാണ്. കർത്താവായ യേശുവിന്റെ കൃപയുടെ സമൃദ്ധി എപ്പോഴും നമ്മുടെ ജീവിതത്തിനു കൂട്ടായിരിക്കട്ടെ.

ദൈവമേ, അങ്ങയുടെ സമയത്തിനുവേണ്ടി കാത്തിരിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. ആ മൂന്നു ചെറുപ്പക്കാരുടെ ജീവിതത്തിൽ പ്രവർത്തിച്ചതുപോലെ ഞങ്ങളുടെ ജീവിതത്തിലും പ്രവർത്തിക്കണമെ....